+

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ജീവനക്കാര്യം - ശ്രീമതി ജൂബി മാത്യു (കമ്പ്യൂട്ടർ ഓപ്പറേറ്റർ, സി-ആപ്റ്റ്, തിരുവനന്തപുരം)- ഇടുക്കി ജില്ലാ മിഷനിലെ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികയിലെ അന്യത്രസേവനകാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.672/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 18/03/2020

---

പരാമർശം:- 1 10.05.2013 തീയതിയിലെ 42/2013/ധന നം. സർക്കുലർ.

2 28.11.2013 തീയതിയിലെ സ.ഉ.(പി)നം. 580/2013/ധന.

3 20.05.2016 തീയതിയിലെ സ.ഉ(സാധാ)1680/16/തസ്വഭവ.

4 09.04.2018 തീയതിയിലെ സ.ഉ(സാധാ) 1002/18/തസ്വഭവ

5 10.10.2018 തീയതിയിലെ സ.ഉ(സാധാ)2610/18/തസ്വഭവ

6 കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 01.07.2019-ലെ 4958/ഇ1/2016/കെ.എസ്.എച്ച്.ഒ. നമ്പർ കത്ത്

**ഉത്തരവ്**

തിരുവനന്തപുരം സി-ആപ്റ്റ്-ലെ കമ്പ്യൂട്ടർ ഓപ്പറേറ്ററായ ശ്രീമതി ജൂബി മാത്യുവിനെ പരാമർശം (3)-ലെ സർക്കാർ ഉത്തരവു പ്രകാരം ഇടുക്കി ജില്ലാ മിഷനിൽ സെക്രട്ടേറിയൽ സ്റ്റാഫായി നിയമിക്കുകയും പരാമർശം(5) പ്രകാരം ടിയാളുടെ അന്യത്രസേവന കാലാവധി 24/05/2019 വരെ ദീർഘിപ്പിച്ചു നൽകുകയും ചെയ്തിരുന്നു. ടിയാളുടെ അന്യത്ര സേവന കാലാവധി 24/05/2019-ൽ അവസാനിച്ച സാഹചര്യത്തിൽ 25/05/2019 മുതൽ ഒരു വർഷത്തേക്ക് കൂടി അന്യത്രസേവനം ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം (6)-ലെ കത്ത് പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി ജൂബി മാത്യുവിൻെറ (കമ്പ്യൂട്ടർ ഓപ്പറേറ്റർ, സി-ആപ്റ്റ്, തിരുവനന്തപുരം) കുടുംബശ്രീ ഇടുക്കി ജില്ലാ മിഷനിലെ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികയിലുള്ള അന്യത്രസേവന കാലാവധി കേരള സർവ്വീസ് റൂൾസ് ഭാഗം 1 ചട്ടം 140 സി പ്രകാരമുള്ള വ്യവസ്ഥകൾക്കും പരാമർശം (1) സർക്കുലറിലെയും, പരാമർശം(2) ഉത്തരവിലെയും മാനദണ്ഡങ്ങൾക്കും വിധേയമായി 25/05/2019 മുതൽ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ചുകൊണ്ടും, ടി അന്യത്ര സേവനകാലം തുടർന്ന് ദീർഘിപ്പിക്കുന്നതല്ലായെന്ന് വ്യവസ്ഥ ചെയ്തു കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**നന്ദന ആർ പി**
**അണ്ടർ സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം

ശ്രീമതി ജൂബി മാത്യു (മാനേജിംഗ് ഡയറക്ടർ, സി-ആപ്റ്റ്, തിരുവനന്തപുരം മുഖാന്തിരം)
മാനേജിംഗ് ഡയറക്ടർ, സി-ആപ്റ്റ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) (എൽ.ബി.എ) കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ